# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **4154**

03.02.2014 - ൽ മറുപടിയ്ക്ക്

## ഋതു പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .ആർ സെൽവരാജ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. പാലോട് രവി<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭാരതീയ ചികിത്സാ വകുപ്പ് നടപ്പാക്കുന്ന ഋതു പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. 2013-14 സാമ്പത്തിക വർഷം കൊല്ലം, മലപ്പുറം ജില്ലകളിലെ തെരെഞ്ഞടുക്കപ്പെട്ട സ്കൂളുകളിലാണ് ഋതു പദ്ധതി നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി 2013-14 സാമ്പത്തിക വർഷം 20 ലക്ഷം രൂപ വീതം ഓരോ ജില്ലയ്ക്കും അനുവദിച്ച് നൽകുകയും പ്രസ്തുത തുക വിനിയോഗിച്ച് വരുകയും ചെയ്യുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖാന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുക, അവരിൽ കാണപ്പെടുന്ന ആർത്തവ തകരാറുകൾക്ക് കൃത്യമായ ഇടവേളകളിൽ പരിശോധനയും, ഔഷധങ്ങളും ലഭ്യമാക്കുക, ഈ പ്രായക്കാരിൽ നല്ലൊരു ശതമാനത്തിന് കാണപ്പെടുന്ന Polycystic Ovarian Syndrome (PCOS), Premenstrual Syndrome (PMS), തൈറോയിഡ് ഗ്രന്ഥി സംബന്ധിച്ച ആരോഗ്യ പ്രശ്നങ്ങൾ, സ്വഭാവത്തിലെ വൈകല്യങ്ങൾ, മാനസിക വ്യാപാരങ്ങളിലെ വ്യതിയാനങ്ങൾ എന്നിവയെ സമഗ്രമായി വിലയിരുത്തി |

ആരംഭത്തിലേ പരിഹാര മാർഗ്ഗങ്ങളും ചികിത്സയും ലഭ്യമാക്കുക എന്നിവയാണ് 'ഋതു' പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) വിദ്യാർത്ഥികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) വിദ്യാർത്ഥികളിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു :-

1) തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു ചോദ്യാവലി തയ്യാറാക്കി നൽകി അതിനെ അപഗ്രഥിച്ച് ചികിത്സ ആവശ്യമായവരെ കണ്ടുപിടിക്കുന്നു
2) തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരു മാസത്തിൽ ചുരുങ്ങിയത് രണ്ട് തവണയോ അല്ലെങ്കിൽ മെഡിക്കൽ ടീമിന്റെ തീരുമാനമനുസരിച്ചോ പരിശോധന നടത്തി ഔഷധങ്ങൾ വിതരണം ചെയ്യുന്നു.
3) ആവശ്യമുള്ള ലബോറട്ടറി പരിശോധനകൾ, അൾട്രാ സൗണ്ട് പരിശോധന എന്നിവ സൗജന്യമായി ചെയ്ത് കൊടുക്കുന്നു.
4) കുട്ടികൾക്കും മാതാ പിതാക്കൾക്കും അദ്ധ്യാപകർക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.
5) ആരോഗ്യസ്ഥിതിക്കനുസൃതമായ യോഗാഭ്യാസങ്ങൾ പരിശീലിപ്പിക്കുന്നു.
6) ആയുർവേദ ശാസ്ത്രത്തിന് ഊന്നൽ നൽകി ആർത്തവകാല രോഗ പ്രശ്നങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്ലാസ്സുകൾ നടത്തുന്നു.
7) ആവശ്യമുള്ള വിദ്യാർത്ഥികൾക്ക്

കൗൺസിലിംഗ് നൽകുന്നു.

8) വിദ്യാഭ്യാസ വർഷാവസാനം പ്രോജക്ടിന്റെ നടത്തിപ്പിനെ അപഗ്രഥിച്ച് റിപ്പോർട്ട് തയ്യാറാക്കി സ്റ്റാറ്റിസ്റ്റിക്കൽ പഠനം നടത്തുന്നു.

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

(ഡി) പദ്ധതി നടത്തിപ്പിനായി കൊല്ലം, മലപ്പുറം ജില്ലകളിൽ മെഡിക്കൽ ഓഫീസർമാർ, പാരാ മെഡിക്കൽ ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ മെഡിക്കൽ ടീം രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി പ്രത്യേക ചോദ്യാവലി തയ്യാറാക്കി മുഴുവൻ വിദ്യാർത്ഥികൾക്കും നൽകി അതിൽ നിന്നും ചികിത്സയും അനുബന്ധ സഹായങ്ങളും ആവശ്യമുള്ളവരെ കണ്ടുപിടിച്ച് ഔഷധം, ലബോറട്ടറി, അൾട്രാ സൗണ്ട് സ്കാൻ പരിശോധന മുതലായവ സൗജന്യമായി ചെയ്ത് കൊടുക്കുന്നു.

സെക്ഷൻ ഓഫീസർ